29/4/22 malayalamanorama EKM

ശ്നങ്ങൾ
ി
നാരമ
ി

ക്തി

. ഉടൻ വാഹന
ാൻ ശ്രമിക്കു
ിൽ നിന്നെത്തു
ൾ ഇടിക്കുന്നത്
വമാണ്. വേഗ
അറിയാതെ
ുചക്ര വാഹന
മായി അപകട
. മാഞ്ഞാലി ഭാ
വരുമ്പോഴും
ഏതാനും വേഗ
സീബ്രാ ലൈനു
ത്തേ യി വര
ര കടങ്ങൾ
കു.

ദ്
ഗ്രജന്റ്.

ചമ്പന്നൂർ സിഡ്കോ വ്യവസായ മേഖലയിൽ നിന്നു ചമ്പന്നൂർ കുട്ടാടൻ പാടശേഖരത്തിലേക്ക് ഒഴുക്കുന്ന മലിനജലം.

പശുക്കിടാവ് ചത്തത് മലിനജലം കുടിച്ചാണെന്ന്

അങ്കമാലി ● ചമ്പന്നൂർ കുട്ടാടൻ പാടശേഖരത്തിൽ പശുക്കിടാവ് ചത്തതു മലിനജലം കുടിച്ചാണെന്നു നഗരസഭ ആരോഗ്യവിഭാഗം കണ്ടെത്തി. മലിനജലം ഒഴുക്കിവിട്ടു ജനങ്ങളെ ഉപദ്രവിക്കുന്നവർക്കും മലിനീകരണം നടത്തുന്നവർക്കും എതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യവിഭാഗം മലിനീകരണ നിയന്ത്രണ ബോർഡിനു കത്ത് നൽകി.

ചമ്പന്നൂർ കാച്ചപ്പിള്ളി റിൻസ് ജോസിന്റെ പശുക്കിടാവാണു ചത്തത്. റിൻസ് നൽകിയ പരാതിയെ തുടർന്നു നഗരസഭ ഹെൽത്ത് സൂപ്പർവൈസറാണ് അന്വേഷണം നടത്തിയത്. സിഡ്കോ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന പ്ലൈവുഡ് സ്ഥാപനത്തിൽ നിന്ന് ഒഴുക്കിവിട്ട മലിനജലം കുടിച്ചാണു പശുക്കിടാവ് ചത്തതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായി നഗരസഭ ആരോഗ്യവിഭാഗം മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയൺമെന്റൽ എൻജിനീയർക്ക് അയച്ച കത്തിൽ പറയുന്നു. പ്ലൈവുഡ് സ്ഥാപനത്തിനു നഗരസഭ കാരണം കാണിക്കൽ നോട്ടിസ് നൽകി.

മേയ് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ വിശപ്പ് രഹിത കേരളം സുഭിക്ഷ ഹോട്ടലിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മേയ് 14 മുതൽ 19 വരെയാണ് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത്. അനർഹരുടെ കൈവശമുള്ള മുൻഗണനാ കാർഡുകൾ തിരിച്ചെടുക്കും.

ഇതിനകം 1,64,000 പേർ ഇത്തരം കാർഡുകൾ തിരികെ നൽകി. മേയ് ഇരുപതിനകം 46 കേന്ദ്രങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ തുറക്കും.

20 രൂപയ്ക്കാണ് ഈ കേന്ദ്രങ്ങളിൽ ഭക്ഷണം നൽകുന്നത്. പണം ഇല്ലാതെ എത്തുന്നവർക്കു

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ തുടങ്ങിയ
മന്ത്രി ജി.ആർ. അനിൽ നിർവഹിക്കുന്നു. എം.ഒ.
മേരി ദേവസിക്കുട്ടി, റെജി മാത്യു, റീത്ത പോൾ

കൂടി ഭക്ഷണം നൽകണമെന്നും മന്ത്രി നിർദേശിച്ചു.

അധിക ചെലവുകൾ വഹിക്കുന്നതിന് സുമനസ്സുകളുടെ സഹായം തേടാവുന്നതാണെന്നും മന്ത്രി പറഞ്ഞു. സുഭിക്ഷ ഹോട്ടൽ ഉദ്ഘാടനത്തിനെത്തിയ മന്ത്രി ടൗണിലെ ഒരു റേഷൻ കടയും മാവേലി സ്റ്റോറും മന്ത്രി സന്ദർശി

ച്ചു.

റോജി
എൽഎ
ബ്ലോക്ക് പ
മേരി ദേ
ബഹനാൻ
ത്ത് അംഗം
രസഭാധ്യ
ഉപാധ്യക്ഷ

ബേക്കറിയിൽ മോഷണ ശ്രമം: തമിഴ്നാട് സ്വദേശിയെ പിടികൂടി

അങ്കമാലി ● കറുകുറ്റിയിൽ ബേക്കറിയിൽ മോഷണത്തിന് ശ്രമിച്ച തമിഴ്നാട് സ്വദേശി ജോണിനെ (46) നാട്ടുകാർ പിടികൂടി പൊലീസിനു കൈമാറി. ബേക്കറിയുടെ താഴ് മുറിക്കുന്നത് നാട്ടുകാരുടെ ശ്രദ്ധയിൽ പെട്ടു. നാട്ടുകാർ അടുത്തേക്കു ചെന്നപ്പോൾ ഓടിരക്ഷപ്പെടാൻ ശ്രമിച്ച ജോണിനെ സമീപത്തെ ഒഴിഞ്ഞ പറമ്പിൽ നിന്നാണ് പിടികൂടിയത്. ജോണിന്റെ കൈവശം മോഷണത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും ഉണ്ടായിരുന്നു. അങ്കമാലി കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

അയിരൂർ
ട്ബോൾ പ
ശീലകൻ

ിശിഹായുടെയും
ാസിന്റെയും സം
ടി ാടിയേറ്റു

നൈപുണ്യ സ്ഥാപനങ്ങൾ രജതജൂബിലി നിറവിൽ

■ ആഘോഷ ഉദ്ഘാടനം നാളെ ആറിന്

അങ്കമാലി ● എറണാകുളം-അങ്കമാലി അതിരൂപതയുടെ നേതൃത്വത്തിലുള്ള നൈപുണ്യ സ്ഥാപനങ്ങൾ രജതജൂബിലി നിറവിൽ. രജതജൂബിലി ആഘോഷങ്ങൾ നാളെ 6നു പൊങ്ങം നൈപുണ്യ കോളജ് ക്യാംപസിൽ മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിക്കും.

നൈപുണ്യ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനു കീഴിൽ പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, ചേർത്തല സ്കൂൾ ഓഫ് മാനേജ്മെന്റ്, എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂൾ, നൈപുണ്യ ബിസിനസ് സ്കൂൾ, നൈപുണ്യ വെൽഫെയർ സർവീസസ് എന്നീ സ്ഥാപനങ്ങളാണുള്ളത്

കർദിനാൾ മാർ ആന്റണി പടിയറയുടെ ദീർഘവീക്ഷണത്തിന്റെയും മാർ തോമസ് ചക്യത്തിന്റെ സാമൂഹിക കാഴ്ചപ്പാടിന്റെയും ഫലമായി രൂപം കൊണ്ട ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പലവിധ തൊഴിലുകൾക്കു പ്രാധാന്യം നൽകി വൊക്കേഷണൽ ട്രെയിനിങ് സെന്റർ ആയാണ് തുടക്കം. നൈപുണ്യയുടെ 5 സ്ഥാപനങ്ങളും വളർച്ചയുടെ പാതയിലാണ്.

ഫാ.സെബാസ്റ്റ്യൻ കളപ്പുരക്കലിന്റെ സാരഥ്യം വളർച്ചയ്ക്ക് ആക്കം കൂട്ടി. കാലിക്കറ്റ് സർവകലാശാലയിൽ ആദ്യം ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് തുടങ്ങിയത് നൈപുണ്യയിലാണ്.

നാക് ബിപ്ലസ്പ്ലസ് ഗ്രേഡുള്ള ആദ്യ സെൽഫ് ഫിനാൻസിങ് കോളജായി നൈപുണ്യ കോളജ് വളർന്നു. ചേർത്തല നൈപുണ്യ കോളജ് ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടി.

1999ൽ തുടങ്ങിയ ഹൗസ് കീപ്പിങ് കൺസൽറ്റൻസി-ഇന്ന് ഒട്ടേറെ കുടുംബങ്ങൾക്കു വരുമാന മാർഗം നൽകുന്നു. 2012ലാണു ബിസിനസ് സ്കൂൾ തുടങ്ങിയത്.

പഠനത്തോടൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള കുട്ടികളെ വാർത്തെടുക്കുകയാണു ലക്ഷ്യമെന്നു ഡയറക്ടർ ഫാ. പോൾ കൈത്തോട്ടുങ്കൽ, എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഫാ. വർഗീസ് പാലാട്ടി എന്നിവർ പറഞ്ഞു.

അവധ
പരിശീ

നെടുമ്പാ
സെന്റ് തോ
അവധിക്കാ
ലന ക്യാംപ്
സിറ്റി ഫുട്
കൻ
ഉദ്ഘാടനം
താരം പി.

വീടിന്റെ

കാലടി ● അ
നേതാവ് ബ
ടുംബത്തി
നേതൃത്വത്
ന്ന വീടിന്റെ
ണം ഇന്നു
പ്രസിഡന്റ്

മാന്യ സഹ
പാറക്കടവ്
കെട്ടിട നി
ബാങ്കിന്റെ
ത്തുള്ള വാ
കൊള്ളുന്ന
സഹകരിക്
പാറക്കടവ്
27/04/202

...ാ സിനിമ

...വനിത–വിനീത [4K] , 3.45, 6.45, 10] ജന 15, 6.45, 10.15] KGF 2 KATHU VAKULA [T, 11.30, 6.30] RRR

...ി [2K-Dolby7.1] -ജന 6.15, 9.30] മകൾ [12,

...ജസ്റ്റിക് Screen 1– 30, 3.30, 6.30, 9.30] [11.30, 2.30, 6, 9.15] [12.15, 3.15, 6.15, 9] ...സിനിമാസ് – Screen 10, 1.15, 7.45, 11] KGF ...– മകൾ [10.15, 3.45, 30]
...ാ് ഗ്രാൻഡ് [4K 3D] 10.30] [12, 3] KGF 2 [6, 9.30]

കൈരളി : KGF 2 [11, 2.30, 6, 9.30]
ശ്രീ : മകൾ [11.30, 2.15, 6.15, 9.15]
കൊടുങ്ങല്ലൂർ: ശ്രീ കാളീശ്വരി [2K 3D] Screen 1 – ജനഗണമന [3, 6, 9] KGF 2 [12pm] Screen 2 – മകൾ [12, 3, 6] KGF 2 [9pm]
വരാപ്പുഴ: 'M' സിനിമാസ് [4K 3D]Screen 1– ജനഗണമന [11, 5.30, 8.45] KGF 2 [2.15] Screen 2– KGF 2 [6pm] മകൾ [12, 3.15, 9.15]
മൂക്കന്നൂർ: JM Movies, Josh Mall [2K 3D] -Screen-1 KGF 2 [11.30, 3, 6.30, 10] Screen-2 -ജനഗണമന [9.30, 12.45, 4, 7.15, 10.30]
കാലടി: ജവഹർ [A/c 2K]–സുമേഷ് രമേഷ് [4 Shows]
മഞ്ഞപ്ര: FOUR STAR Movies [Dolby Atmos]ജനഗണമന [10, 1, 4.10, 10] മകൾ [10.15, 4, 7.10, 10.15] KGF 2 [12.55, 6.45]

തിരുനാൾ ഇന്നു കൊടിയേറും

ചൊവ്വര● സെന്റ് മേരീസ് പള്ളിയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ഇന്നു കൊടിയേറും. വൈകിട്ട് 5.30നു വികാരി ഫാ .ജോസ് പൈനുങ്കൽ കൊടിയുയർത്തും.

തുടർന്നു കുർബാന, നൊവേന, ലദീഞ്ഞ്, പ്രസംഗം, നേർച്ചപ്പായസം വെഞ്ചരിപ്പും വിതരണവും. നാളെ വൈകിട്ട് 5.30നു ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം, തുടർന്നു പട്ടണ പ്രദക്ഷിണം.

പ്രധാന തിരുനാൾ ദിനമായ മേയ് ഒന്നിനു രാവിലെ 7നു കുർബാന, 9ന് തിരുനാൾ കുർബാന. പ്രസംഗം, തുടർന്നു പ്രദക്ഷിണം, 11നു നേർച്ചസദ്യ വെഞ്ചരിപ്പ്, തിരുക്കുടുംബത്തിനു നേർച്ചസദ്യ വിളമ്പലും പുതുവസ്ത്രദാനവും , കുഞ്ഞുങ്ങൾക്ക് ആദ്യ ചോറൂണ്, തുടർന്നു നേർച്ചസദ്യ, 2നു ലത്തീൻ റീത്തിൽ കുർബാന, 4നു കുർബാന, തുടർന്നു രൂപം എടുത്തുവയ്ക്കൽ, ഗാനമേള എന്നിവയുണ്ടാകും.

അത്ഭുത ഉണ്ണീശോയുടെ തിരുനാളിന് ഇന്നു കൊടിയേറും

കാഞ്ഞൂർ● കിഴക്കുഭാഗം ഇൻഫന്റ് ജീസസ് പള്ളിയിൽ അത്ഭുത ഉണ്ണീശോയുടെ തിരുനാളിന് ഇന്നു കൊടിയേറും.

വൈകിട്ട് 5.45നു വികാരി ഫാ. സുബിൻ പാറയ്ക്കൽ കൊടിയുയർത്തും. തുടർന്നു കുർബാന, നൊവേന, ലദീഞ്ഞ്, വാഴ്വ്.

നാളെ രാവിലെ 6.30നു കുർബാന, 7.30നു വീടുകളിലേക്ക് അമ്പ് പ്രദക്ഷിണം, വൈകിട്ട് 4.45 നു രൂപം എഴുന്നള്ളിക്കൽ, 5നു ആഘോഷമായ പാട്ടുകുർബാന, വൈകിട്ട് 4.45നു രൂപം എഴുന്നള്ളിക്കൽ, 5ന് ആഘോഷമായ പാട്ടുകുർബാന, നൊവേന, ലദീഞ്ഞ്, വാഴ്വ്, പ്രസംഗം, തുടർന്നു പ്രദക്ഷിണം.

മേയ് ഒന്നിന് രാവിലെ 6.30നു കുർബാന, 9.30നു തിരുനാൾ പാട്ടുകുർബാന, പ്രസംഗം, ,തുടർന്നു പ്രദക്ഷിണം, 7.30 നു ഗാനമേള.